ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സുസ്ഥിര കൃഷിയും ഭക്ഷ്യസുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിന് , പി എം രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷോന്നതി യോജന പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം.
   **Centre approves PM Rashtriya Krishi Vikas Yojana and Krishonnati Yojana with an outlay of over one lakh crore rupees to Boost Sustainable Agriculture and Food Security**

2. ആഭ്യന്തര എണ്ണക്കുരു ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ ദൗത്യത്തിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

   **Cabinet also Approves National Mission on Edible Oils to make the country self reliant in oilseeds' production.**

3. മറാഠി, പാലി, പ്രാകൃത്, അസമീസ്, ബംഗാളി ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി നൽകാൻ കേന്ദ്ര അനുമതി.
   **Cabinet has approved to confer the status of Classical Language to Marathi, Pali, Prakrit, Assamese and Bengali languages.**

4. കൗടില്യ സാമ്പത്തിക സമ്മേളനത്തിന്റെ മൂന്നാം പതിപ്പിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.
   **Prime Minister Narendra Modi will address the Kautilya Economic Conclave in New Delhi this evening.**

5. പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിന് ഇന്ന് തുടക്കം.

**The twelfth session of the 15th Kerala Legislative Assembly will begin today.**

6. ഷാർജയിൽ നടക്കുന്ന ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ന് ഇന്ത്യ-ന്യൂസിലൻഡ് മത്സരം.

**In ICC Women's T20 cricket Worldcup, India will face NewZealand today.**

*********************************************

## CABINET- PM- RKVY

കൃഷി- കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും രണ്ടു പ്രധാന പദ്ധതികൾക്കു കീഴിലാക്കാനുള്ള നിർദേശത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വിവിധ ആനുകൂല്യങ്ങളേകുന്ന പദ്ധതിയായ പ്രധാൻ മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷോന്നതി യോജന എന്നിവയാണ് ഈ പദ്ധതികൾ. PM-RKVY സുസ്ഥിര കൃഷിയെ പ്രോത്സാഹിപ്പിക്കുമ്പോൾ, KY ഭക്ഷ്യസുരക്ഷയ്ക്കും കാർഷിക സ്വയം പര്യാപ്തതയ്ക്കും ഊന്നൽ നൽകുന്നു. ആകെ ഒരു ലക്ഷം കോടിയിൽ അധികം രൂപ ചെലവിലാണ് ഈ രണ്ട് പദ്ധതികളും സംസ്ഥാന സർക്കാരുകൾ മുഖേന നടപ്പാക്കുന്നത്.

*********************************************

## CABINET - BONUS - INTRO

റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ ഉൽപ്പാദന ബന്ധിത ബോണസ് നൽകുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. രാജ്യത്തെ 11 ലക്ഷത്തി 72,000 ത്തിലധികം ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 2029 കോടി രൂപയാണ് ബോണസ് തുകയായി നൽകുന്നത്. റെയിൽവേയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് റെയിൽവേ ജീവനക്കാർക്കുള്ള

പ്രോത്സാഹനമെന്ന നിലയിലാണ് ബോണസ് വിതരണം ചെയ്യുന്നതെന്ന് കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(MINISTER - VOICE)

ഓരോ വർഷവും ദസറ അവധിക്ക് മുമ്പാണ് അർഹരായ റെയിൽവേ ജീവനക്കാർക്കുള്ള പി.എൽ.ബി തുക നൽകുന്നത്. ഇതോടൊപ്പം പ്രധാന തുറമുഖങ്ങൾ, ഡോക്ക് ലേബർ ബോർഡ് ജീവനക്കാർക്കും തൊഴിലാളികൾക്കും നിലവിലുള്ള ഉൽപ്പാദന ബന്ധിത പാരിതോഷിക പദ്ധതി പരിഷ്ക്കരിക്കാനും മന്ത്രിസഭായോഗം അംഗീകാരം നൽകി.

*********************************

## CABINET– ENERGY HUB

അന്താരാഷ്ട്ര 'ഊർജകാര്യക്ഷമതാ ഹബ്ബി'ൽ അംഗമാകുന്നതിന് ഇന്ത്യക്ക് കേന്ദ്ര മന്ത്രിസഭാ യോഗത്തിന്റെ അനുമതി. ഇതിനുളള 'ഉദ്ദേശ്യപത്രം' ഒപ്പിടുന്നതിനാണ് ധാരണയായത്. ലോകമെമ്പാടും ഊർജകാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായുളള ആഗോള വേദിയാണ് അന്താരാഷ്ട്ര ഊർജ കാര്യക്ഷമതാ ഹബ്. സുസ്ഥിര വികസനത്തിനായുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഇത് കരുത്ത് പകരുമെന്നാണ് കണക്കാക്കുന്നത്. 16 രാജ്യങ്ങളാണ് നിലവിൽ ഹബ്ബിന്റെ ഭാഗമായുളളത്.

*********************************

## CABINET– NMEO–OILSEEDS

ആഭ്യന്തര എണ്ണക്കുരു ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ എണ്ണകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ദേശീയ ദൗത്യത്തിന് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. പ്രാഥമിക എണ്ണക്കുരു ഉൽപ്പാദനം 2022–23ൽ 39 ദശലക്ഷം ടണ്ണിൽ നിന്ന് 2030–31 ആകുമ്പോഴേക്കും 69.7 ദശലക്ഷം ടണ്ണായി

ഉയർത്താനാണ് ദൗത്യം ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു . ആഭ്യന്തര എണ്ണക്കുരു ഉൽപ്പാദനം ഗണ്യമായി വർധിപ്പിക്കുക, ഭക്ഷ്യ എണ്ണകളിൽ സ്വയം ആശ്രയിക്കുക, അതുവഴി ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം വിദേശനാണ്യം സംരക്ഷിക്കുക എന്നിവയാണ് മിഷൻ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

*********************************

## CABINET LANGUAGE - INTRO

മറാഠി, പാലി, പ്രാകൃത്, അസമീസ്, ബംഗാളി ഭാഷകൾക്ക് ശ്രേഷ്ഠഭാഷാപദവി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷണവ് അറിയിച്ചു.

(MINISTER - VOICE)

ഓരോ സമൂഹത്തിന്റെയും ചരിത്രപരവും സാംസ്കാരികവുമായ നാഴികക്കല്ലിന്റെ സത്ത ഉൾക്കൊള്ളുന്ന സാംസ്കാരിക പൈതൃകത്തിന്റെ സൂക്ഷിപ്പുകാരായാണ് ശ്രേഷ്ഠഭാഷകൾ നിലകൊള്ളുന്നത്. 2004 ഒക്ടോബർ 12നാണ് "ശ്രേഷ്ഠഭാഷകൾ" എന്ന പുതിയ വിഭാഗം സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ഇതിലൂടെ തമിഴിന് ശ്രേഷ്ഠഭാഷാപദവി നൽകുകയും ചെയ്തു. ശ്രേഷ്ഠഭാഷയായി ഉൾപ്പെടുത്തുന്നതിലൂടെ അക്കാദമിക-ഗവേഷണ മേഖലകളിൽ ഉൾപ്പെടെ ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

*********************************

## PRIME MINISTER - KAUTILYA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക സമ്മേളനത്തിന്റെ മൂന്നാം പതിപ്പിനെ

അഭിസംബോധന ചെയ്യും. സമ്മേളനം ഞായറാഴ്ച സമാപിക്കും. ഹരിത പരിവർത്തനത്തിന് ധനസഹായം നൽകൽ, ഭൗമ-സാമ്പത്തിക വിഘടനവും പ്രത്യാഘാതങ്ങളും, പ്രതിരോധശക്തി നിലനിർത്തുന്നതിനുള്ള നയ നടപടികൾ തുടങ്ങിയവ ചർച്ചയാകും.

*******************************

## ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിന് ഇന്ന് തുടക്കമാകും. വയനാട് ഉരുൾപൊട്ടലിൽ ജീവൻ പൊലിഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിച്ച ശേഷം ഇന്നത്തേക്ക് പിരിയുന്ന സഭ തിങ്കളാഴ്ച വീണ്ടും ചേരും. സർക്കാർ കാര്യങ്ങളും അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങളുമാണ് ഈ മാസം 18 വരെ നീളുന്ന സമ്മേളനത്തിന്റെ പ്രധാന അജണ്ട.

*******************************

## SUPREME COURT

ജയിലുകളിൽ ജാതി അടിസ്ഥാനത്തിലുള്ള വിവേചനം നിലനിൽക്കുന്ന എല്ലാ വ്യവസ്ഥകളും നീക്കം ചെയ്യാൻ എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും സുപ്രീം കോടതി നിർദ്ദേശിച്ചു. ജയിൽ മാനുവൽ മൂന്ന് മാസത്തിനകം പരിഷ്കരിക്കാനും നിർദേശം നൽകി .ജയിലുകളിൽ ജാതി അധിഷ്ഠിത വിവേചനവും വേർതിരിവും തടയണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ വാദം കേൾക്കുന്നതിനിടെ, ജാതിയുടെ അടിസ്ഥാനത്തിൽ തടവുകാർക്കിടയിൽ ജോലി നൽകുന്നത് വിവേചനപരമാണെന്നും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

*******************************

## TRILATERAL AGREEMENT

ഇന്ത്യ - നേപ്പാൾ - ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾ 40 മെഗാവാട്ട് വൈദ്യുതി കയറ്റുമതി ചെയ്യുന്നതിനുള്ള കരാറിൽ ഒപ്പുവെച്ചു. നേപ്പാളിൽ നിന്ന് ഇന്ത്യയുടെ ഊർജ്ജ ഗ്രിഡ് വഴി ബംഗ്ലാദേശിൽ വൈദ്യുതി എത്തിക്കുന്നതിനാണ് കരാർ. ബംഗ്ലാദേശിന് ആദ്യമായി നേപ്പാൾ വൈദ്യുതി വിൽകുന്നതിനുള്ള കരാർ ഇന്നലെ കാഠ്മണ്ഡുവിലാണ് ഒപ്പുവെച്ചത്. ഇന്ത്യയിലേക്ക് മാത്രമാണ് നിലവിൽ നേപ്പാൾ വൈദ്യുതി കയറ്റുമതി ചെയ്യുന്നത്.

*********************************

## AMIT SHAH – GUJARAT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഗുജറാത്തിലെ ഗാന്ധിനഗറിൽ നിരവധി വികസന പദ്ധതികൾ ഇന്ന് ഉദ്ഘാടനം ചെയ്യും. ഗാന്ധിനഗറിലെ മാൻസ ടൗണിൽ 421 കിടക്കകളുള്ള ആശുപത്രിയുടെ തറക്കല്ലിടലും ഷാ നിർവഹിക്കും. എഡിസി ബാങ്കിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് മഹാത്മാ മന്ദിറിൽ നടക്കുന്ന പരിപാടിയിലും ശ്രീ ഷാ പങ്കെടുക്കും.

*********************************

## HARYANA ELECTION

ഹരിയാനയിൽ നാളെ നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായതായി ഹരിയാന ചീഫ് ഇലക്ടറൽ ഓഫീസർ പങ്കജ് അഗർവാൾ പറഞ്ഞു. 90 അംഗ നിയമസഭയിലേക്കു ഒറ്റഘട്ടമായാണ് തിരഞ്ഞെടുപ്പ് നടക്കുക. 930 പുരുഷന്മാരും 101 സ്ത്രീകളും ഉൾപ്പെടെ 1,031 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. രാവിലെ ഏഴ് മണിക്ക് ആരംഭിക്കുന്ന പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും.

*********************************

## ICC WOMEN WORLDCUP

ഷാർജയിൽ നടക്കുന്ന ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ന് ഇന്ത്യ-ന്യൂസിലൻഡ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ബംഗ്ലാദേശ് - സ്കോട്ട്ലൻഡിനെ 16 റൺസിന് പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ പാക്കിസ്ഥാൻ ശ്രീലങ്കയെ 31 റണ്ണിന് പരാജയപ്പെടുത്തി.

***********************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്നലെ നടന്ന കേരളം ബ്ലാസ്റ്റേഴ്സ് -ഒഡിഷ മത്സരം സമനിലയിൽ അവസാനിച്ചു. രണ്ടു ഗോൾ നേടി മുന്നിൽ നിന്ന ബ്ലാസ്റ്റേഴ്സിനെ ആദ്യ പകുതിയിൽ തന്നെ ഒഡിഷ സമനിലയിൽ തളച്ചു. നാളെ നടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ് സി ചെന്നൈയിന് എഫ് സി യെ നേരിടും.

***********************************

## GLOBAL CHESS LEAGUE

ഗ്ലോബൽ ചെസ് ലീഗിന്റെ രണ്ടാം പതിപ്പിന് ലണ്ടനിൽ തുടക്കമായി. ആദ്യ മത്സരത്തിൽ PBG Alaskan Knights നിലവിലെ ചാമ്പ്യൻമാരായ Triveni Continental Kings നെ 15-3 പരാജയപ്പെടുത്തി. അഞ്ച് തവണ ലോക ചാമ്പ്യനും നിലവിലെ ലോക ഒന്നാം നമ്പർ താരവുമായ മാഗ്നസ് കാൾസണും മുൻ ലോക ചാമ്പ്യൻ വിശ്വനാഥൻ ആനന്ദും തമ്മിൽ നടന്ന മത്സരം സമനിലയിലായി. അർജുൻ എറിഗൈസി - ആർ. പ്രഗ്നാനന്ദയും തമ്മിൽ നടന്ന വാശിയേറിയ മത്സരവും സമനിലയിൽ പിരിഞ്ഞു. ഈ മാസം 12 ന് അവസാനിക്കുന്ന ചെസ് ടൂർണമെന്റിൽ 6 ടീമുകളാണ് മത്സരിക്കുന്നത്.

***********************************

## NAVARATHRI

കേരളത്തിൽ നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം. തിരുവനന്തപുരത്ത് നവരാത്രി വിഗ്രഹങ്ങൾക്ക് ഇന്നലെ വരവേൽപ്പ് നൽകിയതോടെ തലസ്ഥാന നഗരിയിലെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങളും, ഈ മാസം 12 വരെ വിപുലമായ കലാ സാംസ്കാരിക പരിപാടികളോടെ സംഘടിപ്പിക്കും.

*********************************

## NEPAL FLOODS

നേപ്പാളിൽ, കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും മരിച്ചവരുടെ എണ്ണം 236 ആയി. 19 പേരെ കാണാതാവുകയും 173 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതുവരെ നാലായിരത്തിലധികം ദുരിതബാധിതരെ രക്ഷപ്പെടുത്തിയെന്നും തിരച്ചിലും രക്ഷാപ്രവർത്തനവും തുടരുമെന്നും നേപ്പാൾ പ്രധാനമന്ത്രി കെ.പി. ശർമ്മ ഒലി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 236 പേരുടെ മരണത്തിനിടയാക്കിയ വൻ ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേപ്പാളിനോട് ഐക്യദാർഢ്യം അറിയിച്ചു .

*********************************

## ISRAEL – LEBANON

ലെബനൻ തലസ്ഥാനമായ സെൻട്രൽ ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. എന്നാൽ കഴിഞ്ഞ ദിവസം ലെബനൻ സൈന്യം ഇസ്രായേൽ സൈനികർക്ക് നേരെ വെടിയുതിർത്തു. വെടിവയ്പ്പിൽ രണ്ട് ലെബനീസ് സൈനികർ കൊല്ലപെട്ടു .അതിനിടെ ഇറാൻ അടുത്തിടെ ഇസ്രായേൽ കേന്ദ്രങ്ങളിൽ നടത്തിയ മിസൈൽ ആക്രമണത്തെ തുടർന്ന് തിരിച്ചടി നൽകുമെന്ന

ഇസ്രായേലിന്റെ പ്രതികരണത്തിന്റെ പശ്ചാത്തലത്തിൽ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ നയതന്ത്ര ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

*********************************

## THOMAS CHERIAN – FUNERAL TODAY

56 വർഷം മുൻപ് ഹിമാചൽപ്രദേശിലെ റോത്താംഗ് പാസിൽ വിമാനാപകടത്തിൽ മരണമടഞ്ഞ സൈനികൻ തോമസ് ചെറിയാന്റെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ഇന്നു നടക്കും. ഇന്നുച്ചയ്ക്ക് രണ്ടിന് പത്തനംതിട്ട ഇലന്തൂർ കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് വലിയ പള്ളിയിലാണ് സംസ്കാരം. ഇന്നലെ തിരുവനന്തപുരത്ത് എത്തിച്ച മൃതദേഹം ഇന്ന് രാവിലെ സൈനിക അകമ്പടിയോടെ അദ്ദേഹത്തിന്റെ ജന്മനാടായ ഇലന്തൂരിൽ എത്തിക്കും.

*******************************************************************

*********************************